# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

## GLPS THAVARAPARAMBA

# ജൂൺ

- ലോക പരിസ്ഥിതി ദിനം
- പ്രതിജ്ഞ
- ക്വിസ്
- സയൻസ് ക്ലബ് പ്രവർത്തനം
- ഔഷധതോട്ടനിർമാണം
- മാവിൻ തൈ നടൽ
- 
- പെരുന്നാൾ ആഘോഷം
- മെഗാ ഒപ്പന
- മെഹന്തി മത്സരം
- 
- Srg
- വയാനദിനം
- അമ്മവായന
- പുസ്തകപരിചയം
- വായന ക്വിസ്
- വായന മത്സരം
- പ്രതിജ്ഞ
- Pn പണിക്കർ അനുസ്മരണം
- മഹത് വചനങ്ങൾ
- ക്ലാസ് ലൈബ്രറി വിതരണം
- ക്ലാസ്സ് ഒരു വായനക്കൂട്
- വീടൊരു വായനക്കൂട്
- Srg
- Cpta
- Parenting class
- LSS അവാർഡ് വിതരണം
- അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാശനം.
- സ്കൂൾ റേഡിയോ GLPS THAVRAPARAMBA 48226 ഉദ്ഘാടനം
- INSPIRE HUB
- ലോക ലഹരി വിരുദ്ധ ദിനം
- പ്രതിജ്ഞ
- ശുചിത്വ ക്ലബ് പ്രവർത്തനം
- ONE DAY ONE WORD
- SRG

# ജൂലൈ

- അറബി മെഗാ ക്വിസ്
- അലിഫ് അറബിക് ടാലെന്റ്TEST
- 
- ബഷീർ ദിനം
- ബഷീർ കൃതികൾ പരിചയപ്പെടൽ

ഗൃഹ സന്ദർശനം

- ചാന്ദ്ര ദിനം
- സയൻസ് ക്ലബ് പ്രവർത്തനം.
- ക്വിസ്
- ഡോക്യുമെന്റ് പ്രദർശനം.
- പോസ്റ്റർ രചന.
- കൊളഷ് നിർമാണം.
- സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്
- സത്യപ്രതിജ്ഞ.
-
- PTA മീറ്റിംഗ്
- എപിജെ അബ്ദുൽ കലാം ഓർമ്മ ദിനം.
- ബുക്ക് പരിചയം.
- അറബി പദ നിർമാണം.
- മെഗാ ക്വിസ് മത്സരം
- RAIN DAY-PRE പ്രൈമറി
-
- Fruits day
- Srg

# ഓഗസ്റ്റ്

- സ്കൂൾ തല ശാസ്ത്രോത്സവം.
- ഹിരോഷിമ ദിനം
- യുദ്ധ വിരുദ്ധ പ്രതിജ്ഞ
- Srg
- നാഗസാക്കി ദിനം
-
- വിജയ സ്പർശം പ്രീ ടെസ്റ്റ്
- അലിഫ് അറബിക് ക്ലബ് ഉദ്ഘാടനം.
- പ്രീ പ്രൈമറി പലഹാര മേള.
- സ്വാതന്ത്ര്യ ദിനാഘോഷം.
-
- പതാക ഉയർത്തൽ
- പതാക നിർമാണം
- ആഘോഷപരിപാടികൾ.
- രചനോത്സവം.
- ഇംഗ്ലീഷ് ലൈബ്രറി തയ്യാറാക്കൽ.
- സബ്ജില്ല പ്രവൃത്തി പരിചയമേള പരിശീലനം
- ഓണാഘോഷം
-

# സെപ്റ്റംബർ

- അധ്യാപക ദിനം.
- ക്വിസ് മത്സരം

- ഇംഗ്ലീഷ് enhancement പ്രോഗ്രാം
- SRG
- CPTA
- ഓസോൺ ദിനം
- പ്രതിജ്ഞ
- വീഡിയോ പ്രദർശനം
- ഡ്രൈഡേ
- സ്കൂൾ കലോത്സവം
- സ്കൂൾ കായിക മേള
- MONTHLY മെഗാ ക്വിസ്
-

## ഒക്ടോബർ

- ഗാന്ധിജയന്തി
- വിദ്യാരംഗം ക്ലബ് പ്രവർത്തനം
- കഥാ രചന
- ശുചിത്വക്ലബ് പ്രവർത്തനം
- ഗാന്ധിയുടെ സംഭവനകൾ അറബി പ്രബന്ധ രചന
- ഗാന്ധി പസിൽ
- ലോക തപാൽ ദിൻ
- രചനോത്സവം
- സയൻസ്സ് ടാലെന്റ്ടെസ്റ്റ്
- വിജയ സ്പർശം CPTA
- പ്രീ പ്രൈമറി SPORTS
- SRG
-

## നവം ബർ

- കേരളപ്പിറവി
- മാഗസിൻ നിർമാണം
- ക്വിസ്
- കേരള ഗാനം
- SRG
- അന്താരാഷ്ട്ര ശാസ്ത്ര ദിനം
- ദേശീയ വിദ്യാഭ്യാസ ദിനം
- ഗണിത ക്ലബ് പ്രവർത്തനം.
- Srg

## ഡിസംബർ

-
- ലോക ഭിന്നശേഷി ദിനം
-
- ചിത്ര രചന മത്സരം
- രചനോത്സവം

- Srg
- മനുഷ്യാവകാശ നിയമങ്ങൾ
- രണ്ടാം പദ്ധവാർഷിക പരീക്ഷ ആരംഭം.
- അറബി ഭാഷ ദിനം
- ദേശീയ ഗണിത ശാസ്ത്ര ദിനം ഗണിതപ്രവർത്തനം.
- ഗണിത ശാസ്ത്രലോകം പരിചയപ്പെടൽ.
- ക്രിസ്മസ് അവധി.

# ജനുവരി

- Cpta
- Srg
-
- റിപ്പബ്ലിക് ദിനം-ആഘോഷം
- പതാക ഉയർത്തൽ.
- അമ്മയും കുഞ്ഞും ക്വിസ് മത്സരം
- പ്രകൃതി നടത്തം.
- Srg

# ഫെബ്രുവരി

-
- പ്രീ പ്രൈമറി കളറിങ് മത്സരം
- Srg
- ലോക മാതൃഭാഷ ദിനം.
- പ്രതിജ്ഞ
-
- അസംബ്ലി.
- വയനാനുഭവം പങ്കുവെക്കൽ.
- Srg
- ദേശീയ ശാസ്ത്രദിനം.

# മാർച്ച്

- സ്കൂൾ വാർഷികഘോഷം
- പഠനോത്സവം
- മെഗാ ക്വിസ്
- വിജയികളെ ആദരിക്കൽ
- ഗോപാലൻ മാസ്റ്റർ സ്മാരക പ്രതിഭ പുരസ്കാരം. അവാർഡ് വിതരണം
- മധ്യവേനലവധി.

# സ്കൂളിലെ തനത് പ്രവർത്തനങ്ങൾ

## ജന്മദിനം

ജി എൽ പി എസ് തവരാ പറമ്പിൽ കുട്ടികളുടെ ജന്മദിനം ആഘോഷിക്കാൻ കേവലം മിഠായി കൊടുക്കൽ എന്നതിൽ നിന്നും വ്യത്യസ്തമായിപുതിയ ഒരു പ്രവണതയാണ് സ്വീകരിച്ചിരിക്കുന്നത്.ഓരോ കുട്ടിയും അവരുടെ ജന്മദിനത്തിൽ സ്കൂളിന് ഒരു പുസ്തകം സമ്മാനിക്കുന്നു.മിഠായികൾക്ക് പകരം പുസ്തകം സമ്മാനിക്കുന്നതിലൂടെ കുട്ടികൾക്ക് വായനയുടെ ലോകത്തേക്ക് പുതിയ ഒരു കാൽവെപ്പിന് തുടക്കം ആകുന്നു. ഇതിലൂടെ കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കാൻ സാധിക്കുന്നു.ഇത്തരം പരിപാടിയിലൂടെ കുട്ടികളിൽ വലിയ മാറ്റങ്ങൾ വരുത്താൻ സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ പരിപാടി മുന്നോട്ടു കൊണ്ടുപോകുന്നത്

## Star of the month

ജി.എൽ. പി.എസ്. തവരാപറമ്പിലെ അക്കാദമിക മികവ് വാനോളം ഉയർത്തിയതിൽ പ്രധാന പങ്കു വഹിച്ച ഒരു ക്ലാസ്സ്തല അക്കാദമിക പ്രവർത്തനമാണ് സ്റ്റാർ ഓഫ് ദ മന്ത്. ഓരോ ക്ലാസിലും എല്ലാ മാസത്തിൻ്റെയും ഒന്നാം തിയ്യതി തന്നെ സ്റ്റാർ ബോർഡ് എഴുതി തൂക്കുന്നു. ഇതിൽ ഓരോ കുട്ടിയുടേയും പേരെഴുതി അതിന് നേരേ അവർക്ക് നൽകിയ സ്റ്റാറുകൾ ഒരു കോളത്തിലും കിട്ടുന്ന സ്റ്റാറുകൾ മറ്റൊരു കോളത്തിലും മാസാവസാനം ഓരോ കുട്ടിക്കും കിട്ടുന്ന ആകെ സ്റ്റാറുകളുടെ എണ്ണം മറ്റൊരു കോളത്തിലും ഉണ്ടാകും. ഓരോ ദിവസവും സർഗ്ഗാത്മകത ഡയറി എഴുതുന്നവർക്കും ഹോംവർക്ക് ചെയ്യുന്നവർക്കും ക്ലാസിലെ പഠന പ്രവർത്തനങ്ങളിൽ മികവ് കാണിക്കുന്നവർക്കും ക്വിസ് , വായന മത്സരം രചനോത്സവം പോലെ വിവിധ ക്ലാസ്തല മത്സരത്തിൽ വിജയികളാകുന്നവർക്കും സ്റ്റാർ കിട്ടുന്നു. അതുപോലെ ഡയറി എഴുതാതെ വരുന്നവർ, ഹോം വർക്ക് ചെയ്യാത്തവർ, അച്ചടക്ക മില്ലാതെ ക്ലാസിലിരിക്കുന്നവർ ഇവരുടെയൊക്കെ കിട്ടിയ സ്റ്റാറുകൾ വെട്ടുകയും ചെയ്യുന്നു. ക്ലാസിൽ ഓരോ ദിവസവും പഠിപ്പിച്ച കാര്യങ്ങൾ പിറ്റേ ദിവസം ചോദിക്കുമ്പോൾ ഉത്തരം കിട്ടിയ കുട്ടികൾക്ക് ഡബിൾ സ്റ്റാർ നൽകുന്നു. കിട്ടാത്തവരുടെ സ്റ്റാർ വെട്ടി പോകുന്നു. അതിനാൽ ഓരോ കുട്ടിയും വളരെ ശ്രദ്ധയോടെയാണ് ക്ലാസിൽ ഇരിക്കുന്നത്. ഒരോ മാസത്തിൻ്റെയും അവസാന ദിവസം ഓരോ കുട്ടിക്കും ആകെ കിട്ടിയ സ്റ്റാറുകളുടെ എണ്ണം കണ്ടെത്തി സ്റ്റാർ ബോർഡിൽ എഴുതുന്നു. കൂടുതൽ സ്റ്റാർ കിട്ടിയവരെ സ്റ്റാർസ് ഓഫ് ദ മന്ത് ആയി

തെരഞ്ഞെടുക്കുന്നു. അവർക്ക് ആകർഷകമായ സമ്മാനവും നൽകുന്നു. അവരുടെ ഫോട്ടോ പതിച്ച പോസ്റ്ററുകളും തയ്യാറാക്കുന്നു.ഇതിലൂടെ കുട്ടികൾക് ക്ലാസ്തല പഠന പാഠ്യേതരപ്രവർത്തനങ്ങളിൽ കൂടുതൽ ആവേശവും താത്പര്യവും മത്സ ബുദ്ധിയും ഉണ്ടാകുന്നു. കുട്ടികൾ സ്റ്റാറിൻ്റെ എണ്ണം കുറയാതെ സൂക്ഷിക്കുകയും സ്റ്റാറിൻ്റെ എണ്ണം കൂടാൻ കഠിനമായി പ്രയത്നിക്കുകയും ചെയ്യുന്നു. ഇതിലൂടെ ക്ലാസിലെ അക്കാദമികനിലവാരം ഉയർന്നു വരുന്നു. എല്ലാ രക്ഷിതാക്കളും വളരെ നല്ല അഭിപ്രായമാണ് ഇതിനെ കുറിച്ച് പറയാറു ഇത്. ഇത്തരം പ്രവർത്തനങ്ങളിലുടെ സ്ക്കൂളിൻ്റെ അക്കാദമിക നിലവാരവും ഉയർന്ന നിലയിൽ എത്തിക്കാൻ സാധിച്ചു.

## പുസ്തകപരിചയം

വായനയുടെ അത്ഭുത ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ നടത്തിവരുന്ന ഒരു പരിപാടിയാണ് പുസ്തക പരിചയം. എല്ലാ തിങ്കളാഴ്ചയും ഒരു കുട്ടി അവർ വായിച്ച ഒരു പുസ്തകത്തെ അസംബ്ലിയിൽ പരിചയപ്പെടുത്തുന്നു. അതിലെ ഇഷ്ടപ്പെട്ട കഥാഭാഗം, അവതരിപ്പിക്കുകയും ചെയ്യുന്നു. ഓരോ ആഴ്ചയിലും ഊഴമനുസരിച്ച് ഓരോ കുട്ടികൾ ഇത് നടത്തുന്നു. കൂടാതെ എല്ലാ ദിവസവും എല്ലാ ക്ലാസുകളിലും കുട്ടികൾ പുസ്തകപരിചയം നടത്തുന്നു .എല്ലാവർക്കും ഇതിന് അവസരം ലഭിക്കുന്നു .ക്ലാസ് ലൈബ്രറി യിലെ പുസ്തകങ്ങൾ കുട്ടികൾ ഓരോ ആഴ്ചയിലും മാറ്റിയെടുക്കുകയും വായന കുറിപ്പുകൾ എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു. കൂടുതൽ കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടികളെ അഭിനന്ദിക്കുന്നു .വായന ഒരു ലഹരിയാക്കി മാറ്റാൻ ഈ പരിപാടി കൊണ്ട് ഉദ്ദേശിക്കുന്നു

## **ഗൃഹ സന്ദർശനം**

ഓരോ കുട്ടിയും അവരുടെ അധ്യാപകരും തമ്മിലുള്ള ബന്ധം ദൃഢം ആകുമ്പോൾ  കുട്ടിയിൽ പഠന താല്പര്യം വർദ്ധിക്കും. കുട്ടിയും വീടും തമ്മിലുള്ള ബന്ധം പോലെ തന്നെ കുട്ടിയും അധ്യാപകരും തമ്മിലുണ്ട്.ആ ബന്ധത്തിന് പത്തരമാറ്റ് തിളക്കം കൂട്ടും അവരുടെ വീടും ആയും അധ്യാപകന് ബന്ധം ഉണ്ടായാൽ. അത്തരത്തിൽ ഒരു കർമ്മപരിപാടി ഈ കോവിഡ് കാലത്ത് ഞങ്ങളുടെ സ്കൂളിൽ ആരംഭിച്ചു. ഞങ്ങളുടെ HM V ഷരീഫ് മാസ്റ്ററുടെ നേതൃത്വത്തിൽ ആരംഭിച്ച ഇത് രണ്ടാം വർഷത്തിലെത്തി. ഓരോ അധ്യാപകരും അവർ പഠിപ്പിക്കുന്ന വിദ്യാർത്ഥിയുടെ വീട്ടിൽ പോവുകയും അവരുടെ വീട്ടുവിശേഷങ്ങളും കുടുംബാന്തരീക്ഷവും അന്വേഷിച്ച് അറിയുകയും അതിനായി പ്രേത്യേകഫോർമാറ്റ് തയ്യാറാക്കി പൂർത്തിയാക്കി സൂക്ഷിക്കുകയും ചെയ്യുന്നു.  ഇതിലൂടെ കുട്ടിയെ കുറിച്ചും അവരെ

സാമ്പത്തിക സാമൂഹിക ചുറ്റുപാടിനെ കുറിച്ചും മനസ്സിലാക്കാനും ആവശ്യമായ നിർദേശങ്ങൾ നൽകാനും നമുക്ക് സാധിക്കും

# മെഗാ ക്വിസ്

കുട്ടികളിലെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 3 4 ക്ലാസിലെ കുട്ടികൾക്കായി നടത്തുന്ന ഒരു മത്സര പരിപാടി ആണ് മെഗാ ക്വിസ് 2022. എല്ലാ ക്ലബ്ബുകളുടെയും കൂട്ടായ പരിശ്രമത്തിലൂടെയാണ് ഈ മെഗാക്വിസ് സംഘടിപ്പിക്കുന്നത്. ഓരോ ദിവസവും കുട്ടികൾക്കായി പഠിക്കാനുള്ള ചോദ്യങ്ങൾ നേരത്തെ നൽകിവരുന്നു. വിവിധ മേഖലകളുമായി ഉൾപ്പെട്ടതും ആനുകാലിക സംഭവങ്ങൾ ഉൾപ്പെടുത്തി നൽകുന്ന ഈ ചോദ്യങ്ങൾ ഉൾപ്പെടുത്തികൊണ്ടാണ് മെഗാ ക്വിസ് സംഘടിപ്പിക്കുന്നത്. മെഗാ ക്വിസ് വിജയികൾക്ക് ഒന്നാം സമ്മാനം 2001 രൂപ

രണ്ടാം സമ്മാനം 1001 രൂപ, മൂന്നാം സമ്മാനം 502 രൂപ എന്നിങ്ങനെ നൽകാൻ തീരുമാനിച്ചിരിക്കുന്നു

# യുട്യൂബ് ചാനൽ

സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് നിറവേകാൻ ഒരു യൂട്യൂബ് ചാനൽ കൂടി ആരംഭിച്ചിരിക്കുന്നു. ഈ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് വീക്ഷിക്കാനുള്ള ഒരു വേദിയായിട്ടാണ് യൂടൂബ് ചാനലിനെ കാണുന്നത്. ഞങ്ങളുടെ യൂട്യൂബ് ചാനൽ സന്ദർശിക്കാൻ താഴെയുള്ള link click ചെയ്യാം

GLPS THAVARAPARAMBA

# കരാട്ടെ പരിശീലനം.

സ്കൂളിലെ കുട്ടികളുടെ കായിക ശേഷി പോഷിപ്പിക്കാനായി തെരഞ്ഞെടുത്ത കുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകി വരുന്നു. കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനത്തെ ലക്ഷ്യമാക്കി കൊണ്ട് ആഴ്ചയിൽ ഒരു ദിവസം കരാട്ടെ പരിശീലനം നൽകി വരുന്നു.

# ഫുട്ബോൾ പരിശീലനം.

മികച്ച കായിക താരങ്ങളെ കണ്ടെത്താനായി കുട്ടികൾക്ക് ഫുട്ബാൾ പരിശീലനം എല്ലാ വെള്ളിയാഴ്ചയും നൽകി വരുന്നു . രാവിലെ 6 മണിമുതൽ സ്കൂൾ ഗ്രൗണ്ട് തന്നെ അതിനായി വിനിയോഗിക്കുന്നു.

# അമ്മവായന

2022 ജൂലൈ മാസത്തിൽ നടന്ന സി പി ടി എ യോഗത്തിൽ എ ഇ മുഹമ്മദ് കോയ സാർ ഉദ്ഘാടനം ചെയ്തു തുടക്കം കുറിച്ച പദ്ധതിയാണ് അമ്മവായന. ഇതിന്റെ ഭാഗമായി ഈ വർഷം രക്ഷിതാക്കൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.

വായനദിനത്തിന്റെ ഭാഗമായും സ്വാതന്ത്ര്യ ദിനത്തിന്റെ ഭാഗമായും അമ്മയും കുഞ്ഞും ക്വിസ് മത്സരം സംഘടിപ്പിച്ചു.
വിജയികൾക്കും, പങ്കെടുത്തവർക്കും സമ്മാന വിതരണം നടത്തുകയും ചെയ്തു

***പത്രവായന***

പത്രവായന മനുഷ്യൻ്റെ അറിവും വിശകലനശേഷിയും വികസിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ലോകത്തിലെ തന്നെ കാലാനുസൃതമായ വാർത്തകളും വിശകലനങ്ങളും വായനക്കാർക്കിടയിൽ ജാഗ്രതയും സമഗ്രമായ മനസും വളർത്താൻ സഹായിക്കുന്നു. ആയതിനാൽ തന്നെ നിത്യജീവിതത്തിൽ പത്രവായനയെ ഒരു നല്ല ശീലമാക്കി സ്വീകരിക്കുക എന്നത് അറിവിൻ്റെ ലോകത്തേക്ക് വിളിച്ചു ചൊല്ലുന്ന ഒരു വലിയ ചുവട് വെപ്പ് കൂടിയാണ്..ഇതിന്റെ ഭാഗമായി inspire hub എന്നപദ്ധതി നടന്നു വരുന്നു.

# അക്ഷരമിഠായി

***അക്ഷര വിസ്മയങ്ങളിലേക്ക് ഒരു കൈത്താങ്ങ്***

കോവിഡ് കാലഘട്ടത്തിനു ശേഷം സ്കൂളിൽ  എത്തിയ കുട്ടികളിൽ പല കാരണങ്ങളാൽ പഠന പ്രയാസം നേരിടുന്നവരുണ്ട് .ഭാഷാപരമായ അടിസ്ഥാന ശേഷികൾ ഉറക്കുന്നതിന് അധ്യാപകന്റെ പിന്തുണ ലഭിക്കാത്ത മൂന്ന് നാല് ക്ലാസ്സിലെത്തിയ കുട്ടികൾക്കായി കാവനൂർ പഞ്ചായത്തിന് കിഴിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷരമിഠായി.നേരത്തെ ഞങ്ങൾ നടപ്പിലാക്കിയ മുന്നേറ്റം പദ്ധതിയുമായി സമന്വയിപ്പിച്ചാണ് ഞങ്ങൾ ഈ പദ്ധതി നടപ്പിലാക്കുന്നത് .

ഈ വർഷം മുതൽ ഇത് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ലക്ഷ്യം വെച്ച് അമ്മയും കുഞ്ഞും പിന്നെ ഞാനും എന്നപേരിൽ മറ്റൊരു പദ്ധതിയായി കാവനൂർ പഞ്ചായത്തിന്റെ കീഴിൽ നടപ്പാക്കി വരുന്നു.

കൂടാതെ ഒന്ന് രണ്ട് ക്ലാസ്സിൽ മുന്നേറ്റം എന്ന പേരിൽ പഠന പിന്നോക്കക്കാർക്ക് എല്ലാ ദിവസവും ഉച്ചക്ക് 2:30 മുതൽ പ്രത്യേക ക്ലാസ്സ് നൽകി വരുന്നു

## ഗോപാലൻ മാസ്റ്റർ മെമ്മോറിയൽ അവാർഡ്

ഞങ്ങളുടെ സ്കൂളിലെ മുൻ പ്രധാന അധ്യാപകനും നാട്ടുകാരനും ആയിരുന്ന സി ഗോപാൽ മാസ്റ്ററുടെ പേരിൽ അദ്ദേഹത്തിന്റെ മക്കൾ ഓരോ വർഷവും മികച്ച കുട്ടിക്ക്  ബെസ്റ്റ് സ്റ്റുഡന്റ് അവാർഡ് നൽകിവരുന്നു.തെരഞ്ഞെടുക്കുന്ന കുട്ടിക്ക് മോമെന്റോയും ക്യാഷ് പ്രൈസും നൽകിവരുന്നു .

# സപ്ലിമെന്റ്

2021-22 അധ്യയന വർഷം ഞങ്ങളുടെ സ്കൂൾ പുറത്തിറക്കിയ വാർഷിക സപ്ലിമെന്റ് ആണ് വിസ്മയം.

2022-23 അധ്യയന വർഷം ഞങ്ങളുടെ സ്കൂൾ പുറത്തിറക്കിയ വാർഷിക സപ്ലിമെന്റ് ആണ് നിറവ്.

2025-26  ഈ വർഷവും ഒരു സപ്പ്ലിമെന്റ് പുറത്തിറക്കാൻ തീരുമാനിച്ചിരിക്കുന്നു

.

**..................................................................**